# വടകരയിൽ തീരുമാനിച്ച പരീക്ഷ വടക്കാഞ്ചേരിയിൽ

## പരീക്ഷാകേന്ദ്രം മാറ്റിയത് അറിഞ്ഞത് രാവിലെ; 150 പേർക്ക് പരീക്ഷ എഴുതാനായില്ല

വടകര ● ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് പരീക്ഷയ്ക്കായി വടകര സെന്ററിൽ എത്തിയവരോടു പരീക്ഷാകേന്ദ്രം വടക്കാഞ്ചേരിയിലേക്കു മാറ്റിയതായി അധികൃതർ. രാവിലെ 10.30നു തുടങ്ങുന്ന പരീക്ഷയ്ക്കു നിശ്ചിത സമയത്തിനകം വടക്കാഞ്ചേരിയിൽ എത്താൻ കഴിയാത്തതിനാൽ നൂറ്റിഅൻപതോളം പേർ നിരാശരായി മടങ്ങി. വർഷത്തിൽ ഒരിക്കൽ മാത്രമുള്ള പരീക്ഷയാണിത്.

വടകരയിലെ സ്വകാര്യ കംപ്യൂട്ടർ സെന്ററിൽ ഓൺലൈൻ പരീക്ഷ എഴുതാൻ രാവിലെ 8.30ന് എത്താനാണ് ഓൺലൈൻ വഴി കിട്ടിയ ഹാൾ ടിക്കറ്റിൽ നിർദേശിച്ചത്. നിശ്ചിത സമയത്ത് എത്തിയവരോട് സെന്റർ ഇവിടെയല്ലെന്നും വടക്കാഞ്ചേരിയിലാണെന്നും അധികൃതർ പറഞ്ഞു.

പ്ലസ് ടു കഴിഞ്ഞ ശേഷം 1500 രൂപ ഫീസ് അടച്ചു പരീക്ഷയ്ക്ക് വന്നവരാണ് ഇവർ. അതേ സമയം, വിദൂരത്തു നിന്നു രാവിലെ വടകരയിൽ എത്താൻ കഴിയാത്തവർ ഒരു ദിവസം മുൻപ് ഇവിടെയെത്തി അന്വേഷിച്ചപ്പോൾ സെന്റർ മാറ്റിയത് അറിഞ്ഞു. അവർക്കു പരീക്ഷ എഴുതാനായി.